# ഒൻപതാം സമ്മേളനം

## (2018 ജനുവരി 22 മുതൽ ഫെബ്രുവരി 07 വരെ)

### (1) ഓർഡിനൻസുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

2018 ജനുവരി മാസം 24-ാം തീയതി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിന്റെ അവതരണ വേളയിൽ, ബില്ലിന്റെ ആദ്യത്തെ ഓർഡിനൻസിലുള്ള ഏഴ് ആക്ടുകളുടെ ഭേദഗതിയിൽ അഞ്ച് ഓർഡിനൻസുകൾ മലയാളത്തിലും രണ്ടെണ്ണം ഇംഗ്ലീഷിലും പ്രസിദ്ധപ്പെടുത്തിയത് അനൗചിത്യമായ നടപടിയാണെന്നും 2017 ഡിസംബർ 20-ന് ഈ ഓർഡിനൻസ് റീ പ്രൊമുൽഗേറ്റ് ചെയ്തപ്പോൾ തെറ്റ് മനസ്സിലാക്കാൻ സാധിച്ചെങ്കിലും മലയാളത്തിലുള്ള കേരള ഭൂജല നിയന്ത്രണ ആക്ട് വീണ്ടും ഇംഗ്ലീഷിലാണ് ഇറക്കിയതെന്നും മലയാളത്തിലുള്ള ഒറിജിനൽ നിയമങ്ങളുടെ ഭേദഗതികൾക്കുള്ള ഓർഡിനൻസ് മലയാളത്തിൽ തന്നെ ഇറക്കണമെന്നും വളരെ അശ്രദ്ധമായി ഇത്തരം ഓർഡിനൻസുകൾ ഇറക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ശ്രീ. വി. ഡി. സതീശൻ

എം.എൽ.എ.യും ബില്ലിലെ അഞ്ച് വ്യത്യസ്ത നിയമങ്ങൾക്കാണ് ഭേദഗതി കൊണ്ടുവരുന്നതെന്നതിനാൽ ഈ നിയമങ്ങളും കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥ അനുസരിച്ച് വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികൾ ചർച്ച ചെയ്യേണ്ടതും റിപ്പോർട്ട് സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതുമാണെന്നും ഓരോ സബ്ജക്ട് കമ്മിറ്റിയും ഇതുസംബന്ധിച്ച് പ്രത്യേകം ചർച്ച ചെയ്താൽ കൂടുതൽ അംഗങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നതാണെന്നും നിയമനിർമ്മാണ പ്രക്രിയയുടെ സാങ്കേതിക വശങ്ങൾ വിസ്മരിച്ചുകൊണ്ട് വെറും കീഴ്വഴക്കങ്ങളുടെ പിൻബലത്തിൽ ഇത്തരം ബില്ലുകൾ കൊണ്ടുവരുന്നത് തികച്ചും അശാസ്ത്രീയമായതിനാൽ ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണെന്നും ഇതുസംബന്ധിച്ച് ബഹു. സ്പീക്കർ റൂളിംഗ് നൽകണമെന്ന് ശ്രീ. എം. ഉമ്മർ എം.എൽ.എ.യും ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

2017 ഒക്ടോബർ 20-ന് പുറപ്പെടുവിച്ച കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് വഴി ഏഴ് ആക്ടുകൾക്കാണ് ഭേദഗതി കൊണ്ടുവരുന്നതെന്നും ഈ ബില്ലിനെ

അടിസ്ഥാനമാക്കി പുറപ്പെടുവിച്ച രണ്ട് ഓർഡിനൻസുകൾ ഇംഗ്ലീഷിലാണെന്നും ചില അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ ഇപ്രകാരം ഇംഗ്ലീഷിൽ പുറപ്പെടുവിക്കാറുണ്ടെന്നും ആയതിനാൽ ഈ രണ്ട് ബില്ലുകളും ക്രമപ്രകാരമുള്ളതാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശങ്ങളും വികസന ആക്ട്, കേരള ഭൂജല ആക്ട്, കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് എന്നിവയുടെ ലൈസൻസ്, അംഗീകാരം, ക്ലിയറൻസ് സംബന്ധിച്ച വ്യവസ്ഥകളിലുള്ള ഭേദഗതിയാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിലൂടെ അവതരിപ്പിക്കുന്നതെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232(2) പ്രകാരം പ്രസ്തുത ചട്ടത്തിന്റെ അഞ്ചാം പട്ടികയിൽ കാണിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് അതിന് നേരെ കാണിച്ചിരിക്കുന്ന സബ്ജക്ട് കമ്മിറ്റി പ്രസ്തുത വിഷയം കൈകാര്യം

ചെയ്യണമെന്ന് മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂവെന്നും പ്രസ്തുത ചട്ടങ്ങളിലെ ക്ലിപ്ത നിബന്ധന പ്രകാരം സബ്ജക്ട് കമ്മിറ്റിക്ക് അലോക്കേറ്റ് ചെയ്യുന്ന വിഷയങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് സഭാ നേതാവുമായി കൂടിയാലോചിച്ചശേഷം ഭേദഗതി വരുത്താമെന്നതിനാൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുമുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ എന്ന പേരിൽ പരിഗണിക്കപ്പെടുന്ന രണ്ട് ബില്ലുകൾ തയ്യാറാക്കിയതിലും അവതരിപ്പിക്കുന്നതിലും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതിൽ അപാകതയും ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനവുമുണ്ടെന്ന അംഗങ്ങളുടെ ക്രമപ്രശ്നങ്ങളിന്മേൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. വ്യത്യസ്തമായ മൂലനിയമങ്ങൾ ഭേദഗതി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ അവ ക്ലബ്ബ് ചെയ്ത് പുതിയൊരു പേരിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി മുമ്പും

---

* XIV KLA IX Session Vol. No. 170/No. 3 dated 24.01.2018

ഉണ്ടായിട്ടുണ്ട്. തദ്ദേശ സ്വയംഭരണം, റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഇറിഗേഷൻ, വിദ്യാഭ്യാസം, ഭൂനികുതി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട 30 നിയമങ്ങൾ ഭേദഗതി ചെയ്ത് 1979 മാർച്ച് 7-ന് സഭ പാസ്സാക്കിയ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ടും വ്യത്യസ്തമായ 34 ആക്ടുകളിൽ ഭേദഗതി വരുത്തി 2000 മാർച്ച് 31-ന് സഭ പാസ്സാക്കിയ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ടും ഇതേ തരത്തിലുള്ള നിയമനിർമ്മാണങ്ങൾ തന്നെയായിരുന്നു. കൂടാതെ, അതതു വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായി നിർവ്വഹിക്കപ്പെടുന്നതിനായി ധനകാര്യ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി 1983 മുതൽ സഭയിൽ നിലനിൽക്കുന്നുണ്ട്.

എന്നാൽ, ഇത്തരത്തിൽ വ്യത്യസ്ത മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ലബ്ബ് ചെയ്യുന്ന രീതി ആശാസ്യമല്ലെന്ന 1987-ലെ റൂളിംഗിനുശേഷം 2000-ൽ ഇതേരീതിയിൽ ബിൽ പാസ്സാക്കിയിട്ടുണ്ട്. ധനകാര്യ ബില്ലുകളുടെ കാര്യത്തിൽ മാത്രമല്ല,

ഇന്നിവിടെ പരിഗണിക്കപ്പെടുന്ന ബില്ലുകളുടെ കാര്യത്തിലും മൂലനിയമത്തിലെ വ്യവസ്ഥകൾ വിശദമായി പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിഗണനയ്ക്ക് അയയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു കീഴ്വഴക്കമെന്ന നിലയിൽ തുടർന്നുവരുന്ന പ്രക്രിയയായതിനാൽ നിയമസഭാ ചട്ടങ്ങളുടേയോ നടപടിക്രമങ്ങളുടേയോ കീഴ്‌വഴക്കങ്ങളുടേയോ യാതൊരു തരത്തിലുള്ള ലംഘനവും ടി ബില്ലിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് പരിഹരിക്കപ്പെടേണ്ട ഒരാക്ഷേപമായതിനാൽ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. മേലിൽ ഓർഡിനൻസുകളും അതിനുപകരമുള്ള ബില്ലുകളും തയ്യാറാക്കുന്ന സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭാഷാപരമായ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ആയിരിക്കേണ്ടതും അക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുമാണെന്നും ചെയർ റൂൾ ചെയ്യുന്നു.

(2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ആക്ടാകുമ്പോൾ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പം സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ആക്ഷേപത്തിന്മേൽ വ്യക്തത വരുത്തുന്നതാണ്." )